8/240

# കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - സർക്കാർ ഏറ്റെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സർവ്വീസ് ക്രമീകരണം-പ്രൊമോഷൻ, ഗ്രേഡ്, സീനിയോറിറ്റി, ട്രാൻസ്ഫർ മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

---

## പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ (എം.എസ്) നം.20/2012/പൊ.വി.വ    തീയതി, തിരുവനന്തപുരം, 20/01/2012

---

പരാമർശം: (1)2/01/10 ലെ സ.ഉ (എം.എസ്) നമ്പർ 2/2010/പൊ.വി.വ നമ്പർ ഉത്തരവ്
(2)കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 12/8/11 ലെ എ 5(3)/12481/10/ഗവി.നമ്പർ കത്ത്.

## ഉത്തരവ്

പഞ്ചായത്ത്/നഗരസഭ സ്കൂളുകളിൽ നിലനിൽക്കുന്ന സങ്കീർണ്ണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത്/നഗരസഭാ അധീനതയിലുള്ള 104 സ്കൂളുകളും സർക്കാർ ഏറ്റെടുക്കാനും പ്രസ്തുത സ്കൂളുകളിൽ ജോലി ചെയ്യുന്ന അംഗീകൃത അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരെ പി.എസ്.സി.യുടെ അംഗീകാരത്തിന് വിധേയമായി സർക്കാർ സ്കൂൾ ജീവനക്കാരായി സർവ്വീസ് ക്രമീകരിക്കാനും പ്രസ്തുത ജീവനക്കാരുടെ പ്രൊമോഷൻ, ഗ്രേഡ്, സീനിയോറിറ്റി തുടങ്ങിയവ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം പി.എസ്.സി.യുടെ അംഗീകാരത്തിന് വിധേയമായി പിന്നീട് തീരുമാനിക്കുവാനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തു. പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി, ഗ്രേഡ്, പ്രമോഷൻ, ട്രാൻസ്ഫർ തുടങ്ങിയവ നിശ്ചയിക്കാനുള്ള മാനദണ്ഡം സംബന്ധിച്ച നിർദ്ദേശങ്ങൾ പരാമർശം (2) മുഖേന പി.എസ്.സി അംഗീകരിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുണ്ടായിരുന്നതും സർക്കാർ ഏറ്റെടുത്തതുമായ സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ പ്രൊമോഷൻ, ഗ്രേഡ്, സീനിയോറിറ്റി, ട്രാൻസ്ഫർ തുടങ്ങിയവ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കും വിധം അംഗീകരിച്ച് ഉത്തരവാകുന്നു.

a) ഒരു ജില്ലയ്ക്കുള്ളിൽ സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകൾ ഒരു കോമൺപൂളായി നിലനിർത്തുകയും പി.എസ്.സി മുഖേനയല്ലാതെ

പഞ്ചായത്ത് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി അവർ സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ കണക്കാക്കി ഈ കോമൺപൂളിനായി ഒരു പ്രത്യേക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും പ്രസ്തുത കോമൺ പൂളിനുള്ളിലുണ്ടാകുന്ന ഒഴിവുകൾ ടി സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പ്രൊമോഷൻ മുഖേന നികത്തുകയും ചെയ്യേണ്ടതാണ്.

b) കോമൺപൂളിനുള്ളിലെ ട്രാൻസ്ഫറിനും പ്രൊമോഷനും ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുമെങ്കിലും പൂളിനുപുറത്ത് സർക്കാർസർവ്വീസിലേക്ക് ട്രാൻസ്ഫറുകൾക്കും പ്രൊമോഷനും ഇവർക്ക് അർഹതയുണ്ടായിരിക്കുകയില്ല.

c) എന്നാൽ കെ.പി.എസ്.സി മുഖേന തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരെ ഈ കോമൺപൂളിലുൾപ്പെടുത്താതെ അവരുടെ അഡ്വൈസ് തീയതി മുതൽ സീനിയോറിറ്റി കണക്കാക്കി സർക്കാർ സർവ്വീസിൽ ഉൾപ്പെടുത്തേണ്ടതും സർക്കാർ സർവ്വീസിലുണ്ടാകുന്ന പ്രൊമോഷനുകൾക്കും ട്രാൻസ്ഫറുകൾക്കും ഇവരെ പരിഗണിക്കേണ്ടതുമാണ്.

d) എന്നാൽ കോമൺപൂളിനകത്തുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ട്രാൻസ്ഫറിനോ പ്രൊമോഷനോ പി.എസ്.സി മുഖേന നിയമിച്ചവരെ പരിഗണിക്കുന്നത് കോമൺപൂൾ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഈ ഒഴിവിലേയ്ക്ക് പരിഗണിക്കാൻ അപേക്ഷകരില്ലെങ്കിൽ മാത്രമായിരിക്കും.

e) കോമൺപൂളിലേയ്ക്ക് പുതുതായി ആരെയും ഉൾപ്പെടുത്താനില്ലാത്തതു കൊണ്ട് അതിലെ ജീവനക്കാർ വിരമിക്കുന്ന ക്രമത്തിൽ പ്രസ്തുത കോമൺപൂൾ ലിസ്റ്റ് ക്രമേണ അപ്രത്യക്ഷമാകും.

f) ഒരു ജില്ലയിലെ കോമൺപൂളിൽ നിന്ന് മറ്റൊരു ജില്ലയിലെ കോമൺപൂളിലേയ്ക്ക് ട്രാൻസ്ഫർ ആവശ്യമുള്ളവർക്ക് നിലവിലുള്ള ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫറിനുള്ള മാനദണ്ഡം പാലിച്ചുകൊണ്ട് ട്രാൻസ്ഫർ നൽകേണ്ടതാണ്.

g) പഞ്ചായത്ത് വകുപ്പിനു കീഴിലുള്ള എൽ.പി/യു.പി സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ ഒഴിവുകൾ നികത്തേണ്ടത് ജില്ലാതല കോമൺപൂൾ അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും മാത്രമാണ്. അതുപോലെ പഞ്ചായത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയിലുള്ള ഒഴിവുകൾ

നികത്തേണ്ടത് അദ്ധ്യാപകരുടെ സംസ്ഥാനതല കോമൺപൂൾ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും മാത്രമാണ്. കോമൺപൂളിൽ നിന്നും പ്രൊമോഷന് യോഗ്യരായ അപേക്ഷകരെ കിട്ടിയില്ലെങ്കിൽ മാത്രം സർക്കാർ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും നിയമനം നടത്തേണ്ടതാണ്.

h) മുകളിൽ പറയുന്ന (എ, സി) വിഭാഗങ്ങളിലെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടത് അതാത് വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടത് പൊതു വിദ്യാഭ്യാസ ഡയറക്ടറുമാണ്.

ഈ ഉത്തരവ് ഹൈക്കോടതിയിൽ നിലവിലുള്ള റിട്ട് പെറ്റീഷനുകളുടെ അന്തിമ തീർപ്പിനു വിധേയമായിരിക്കും. കെ.ഇ.ആറിൽ ആവശ്യമായ ഭേദഗതി പ്രത്യേകമായി വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എം.ശിവശങ്കർ**
സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (with covering letter)
ഡയറക്ടർ, ഹയർസെക്കണ്ടറി /വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-ബി) വകുപ്പ്
ഡയറക്ടർ, ഐടി@സ്കൂൾ, തിരുവനന്തപുരം (വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ